# തോട്ടവിള ഗവേഷണ കേന്ദ്രം സ്ഥാപകദിനാഘോഷം ഇന്ന്

MM 5/1/18

കാസർകോട് • കേന്ദ്ര തോട്ടവിള ഗവേഷണസ്ഥാപനത്തിന്റെ സ്ഥാപകദിനാഘോഷവും കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ രജതജൂബിലി ആഘോഷവും കാസർകോട് സിപിസിആർഐയിൽ ഇന്നു കാർഷിക പ്രദർശനത്തോടെ തുടങ്ങും. രാവിലെ 10നു മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും.

10 വരെ നീളുന്ന ആഘോഷത്തിൽ രാവിലെ 10മുതൽ വൈകിട്ട് ഏഴുവരെയാണ് പ്രദർശനം. ദിവസവും വിവിധ വിഷയങ്ങളിൽ സെമിനാറുമുണ്ടാകും. നാലേക്കർ സ്ഥലത്തായി 140 സ്റ്റാളുകളിലായിട്ടാണ് പ്രദർശനം. പകുതിയോളം സ്റ്റാളുകൾ കർണാടക, തമിഴ്നാട്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ നിന്നുള്ളതാണ്.

പ്രദർശനത്തിൽ ദിവസവും വിദ്യാർഥികളുൾപ്പെടെ അയ്യായിരത്തോളം പേർ പങ്കെടുക്കുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ. ദിവസവും നടക്കുന്ന രണ്ടു വീതം സെമിനാറിൽ ആയിരത്തോളം പേരുണ്ടാകും.

എട്ടിനു നടക്കുന്ന കിസാൻമേളയിൽ രണ്ടായിരത്തോളം പേർ പങ്കെടുക്കും. അന്നു രാവിലെ 11നു കേന്ദ്രമന്ത്രിമാരായ ഡി.വി. സദാനന്ദ ഗൗഡ, അനന്തകുമാർ ഹെഗ്ഡെ എന്നിവർ യഥാക്രമം കിസാൻ മേളയും സാങ്കേതിക വിദ്യാവികസന പദ്ധതിയും ഉദ്ഘാടനം ചെയ്യും. ശാസ്ത്രജ്ഞരും കർഷകരുമായുള്ള സംവാദവുമുണ്ടാകും.